(6) <u>ശ്രദ്ധക്ഷണിക്കൽ വിഷയം അടിയന്തര പ്രമേയമായി അവതരിപ്പിക്കുന്നത് സംബന്ധിച്ച്</u>

2016 ഒക്ടോബർ 20-ാം തീയതി അടിയന്തര പ്രമേയാവതരണത്തിനുമുമ്പ് ശ്രദ്ധക്ഷണിക്കൽ ലിസ്റ്റ് ചെയ്ത സാഹചര്യത്തിൽ അതേ വിഷയം തന്നെ അടിയന്തര പ്രമേയമായി അവതരിപ്പിക്കുന്നത് ശരിയായ കീഴ്‌വഴക്കമല്ലെന്ന് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ക്രമപ്രശ്നം ഉന്നയിച്ചു.

ശ്രീ. എം. വിജയകുമാർ നിയമസഭാ സ്പീക്കർ ആയിരുന്ന സമയത്ത് ഇപ്രകാരം ചെയ്തിട്ടുണ്ടെന്നും ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയത്തെ ഗവൺമെന്റ് എതിർക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ലെന്നും പ്രതിപക്ഷനേതാവ് വ്യക്തമാക്കി.

ശ്രീ. രാജു എബ്രഹാം അവതരിപ്പിക്കുന്ന ശ്രദ്ധക്ഷണിക്കൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്നതു സംബന്ധിച്ചാണ്. കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച നോട്ടിഫിക്കേഷന്റെ നിയമസാധുത കേരള ഹൈക്കോടതി അംഗീകരിച്ചശേഷം ചീഫ് സെക്രട്ടറിക്കുവേണ്ടി അടിയന്തരപ്രമേയത്തിനാധാരമായ വിഷയമല്ലെന്ന് സംസ്ഥാന ഗവൺമെന്റ് കൊടുത്ത അഫിഡവിറ്റിൽ വന്നിട്ടുള്ള വൈരുദ്ധ്യത്തെ സംബന്ധിച്ചുള്ളതാണെന്ന് പ്രതിപക്ഷത്തെ രണ്ടംഗങ്ങൾ ക്രമപ്രശ്നം ഉന്നയിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"ചട്ടം 50 പ്രകാരം അടിയന്തരപ്രമേയത്തിന് അവതരണാനുമതിതേടിക്കൊണ്ടുള്ള നോട്ടീസ് നൽകാൻ പ്രതിപക്ഷത്തിനുള്ള അവസരം അന്നേ ദിവസം രാവിലെ മാത്രമേ ലഭിക്കുകയുള്ളൂ. സുപ്രധാന വിഷയങ്ങളെ സംബന്ധിച്ച് ലിസ്റ്റ് ചെയ്യപ്പെട്ട വിഷയങ്ങൾ കാര്യപരിപാടിയിൽ വന്നിട്ടുണ്ടെങ്കിൽപ്പോലും ചട്ടം 50 പ്രകാരമുള്ള നോട്ടീസുണ്ടെങ്കിൽ ആയതിന് മുൻഗണന നൽകിയിട്ടുള്ള കീഴ്‌വഴക്കമാണ് സഭയിൽ ഉണ്ടായിട്ടുള്ളത്. ആയതിനാൽ ചട്ടം 50 പ്രകാരം ബഹു. അംഗങ്ങൾ നൽകിയ നോട്ടീസിന് പരിഗണന നൽകുന്നതിൽ അപാകതയുള്ളതായി ചെയർ കരുതുന്നില്ല. മാത്രവുമല്ല അടിയന്തര പ്രമേയത്തിലൂടെ ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന കാര്യം ശ്രദ്ധക്ഷണിക്കൽ വിഷയത്തിൽ നിന്നും വിഭിന്നമാണെന്ന കാര്യവും ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്"

* XIV KLA/II Session Vol.163 Report No. 12 dated 20-10-2016